# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2024 ഒക്ടോബർ 04** **website: www.uoc.ac.in**
================================================================

**കാലിക്കറ്റ് സർവകലാശാലാ പാർക്ക്**
**അഞ്ചു മുതൽ പൊതുജനങ്ങൾക്കായി തുറക്കും**

കാലിക്കറ്റ് സർവകലാശാലാ പാർക്ക് ഒക്ടോബർ അഞ്ചു മുതൽ എല്ലാ ശനി, ഞായർ ദിവസങ്ങളിലും വൈകീട്ട് മൂന്ന് മുതൽ ആറു വരെ പൊതുജനങ്ങൾക്കായി തുറന്ന് നൽകുമെന്ന് വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ അറിയിച്ചു.

***പി.ആർ. 1440/2024***

**ഡോ. പി. കേശവമേനോൻ**
**എൻഡോവ്മെന്റ് പ്രഭാഷണം**

പ്രമുഖ ഗണിതാധ്യാപകനും ഗവേഷകനുമായ ഡോ. പി. കേശവമേനോന്റെ പേരിലുള്ള പുരസ്കാര പ്രഭാഷണത്തിന് കാലിക്കറ്റ് സർവകലാശാലാ ഗണിതശാസ്ത്ര പഠനവകുപ്പിൽ തുടക്കമായി. സയൻസ് ഫാക്കൽറ്റി ഡീൻ ഡോ. സി.സി. ഹരിലാൽ ഉദ്ഘാടനം ചെയ്തു. വകുപ്പ് മേധാവി ഡോ. പ്രീതി കുറ്റിപ്പുലാക്കൽ അധ്യക്ഷത വഹിച്ചു. ബെംഗളൂരു ഐ.എസ്.ഐയിലെ ഡോ. ജയദേബ് സർക്കാർ മുഖ്യപ്രഭാഷണം നടത്തി. ഡോ. ടി. പ്രസാദ്, ഡോ. എസ്. ഡി. കൃഷ്ണറാണി, ഡോ. ടി. മുബീന, ഡോ. പി. സിനി, ഡോ. എം. എസ്. ബാലസുബ്രഹ്മണി തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ : കാലിക്കറ്റ് സർവകലാശാലാ ഗണിതശാസ്ത്ര പഠനവകുപ്പിൽ ബെംഗളൂരു ഐ.എസ്.ഐയിലെ ഡോ. ജയദേബ് സർക്കാർ ഡോ. പി. കേശവമേനോൻ എൻഡോവ്മെന്റ് പ്രഭാഷണം നടത്തുന്നു

***പി.ആർ. 1441/2024***

**എം.എഡ്. പ്രവേശനം 2024 - 25**
**അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു**

കാലിക്കറ്റ് സർവകലാശാലാ എഡ്യൂക്കേഷൻ പഠനവകുപ്പ്, അഫിലിയേറ്റഡ് ട്രെയിനിംഗ് കോളേജുകൾ എന്നിവിടങ്ങളിലെ 2024 - 25 അധ്യയന വർഷത്തെ എം.എഡ് പ്രോഗ്രാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഒക്ടോബർ ഏഴിന് വൈകീട്ട് 3 മണിക്ക് മുൻപായി മാൻഡേറ്ററി ഫീസടച്ച് സ്ഥിരപ്രവേശനം നേടണം. മാൻഡേറ്ററി ഫീസ് : എസ്.സി. / എസ്.ടി. / ഒ.ഇ.സി. വിഭാഗക്കാർക്ക് 135/- രൂപ, മറ്റുള്ളവർക്ക് 540/- രൂപ. കമ്മ്യൂണിറ്റി, പി.ഡബ്ല്യു.ഡി. എന്നീ റാങ്ക് ലിസ്റ്റുകൾ കോളേജുകളിലേക്ക് നൽകിയിട്ടുണ്ട്. വിദ്യാർഥികൾ കോളേജുകളുടെ നിർദ്ദേശാനുസരണം പ്രവേശനം നേടേണ്ടതാണ്. കൂടുത

ൽ വിവരങ്ങൾ പ്രവേശന വിഭാഗം വെബ്സൈറ്റിൽ https://admission.uoc.ac.in/. ഫോൺ 0494 2407016, 2407017, 2660600.

*പി.ആർ. 1442/2024*

**എം.ബി.എ. പ്രവേശനം 2024 - 25**
**ലേറ്റ് ഫീസടച്ച് അപേക്ഷക്കാം**

2024 - 2025 അധ്യയന വർഷത്തെ എം.ബി.എ. പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലെ പ്രവേശനത്തിന് ലേറ്റ് ഫീയോടുകൂടി അപേക്ഷ സമർപ്പിക്കുവാനുള്ള സൗകര്യം പ്രവേശന വിഭാഗം വെബ്സൈറ്റിൽ ഒക്ടോബർ 10-ന് വൈകീട്ട് അഞ്ചു മണി വരെ ലഭ്യമാകും. KMAT / CMAT / CAT യോഗ്യത ഇല്ലാത്തവർക്കും ബിരുദ മാർക്കിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കാം. പ്രവേശനം ആഗ്രഹിക്കുന്നവർ പഠനവകുപ്പ് / കോളേജ് / സെന്ററുകളുമായി ബന്ധപ്പെട്ട് ഒഴിവ് വിവരങ്ങൾ ഉറപ്പാക്കിയശേഷം മാത്രം അപേക്ഷ പൂർത്തിയാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പ്രവേശന വിഭാഗം വെബ്സൈറ്റിൽ https://admission.uoc.ac.in/.

*പി.ആർ. 1443/2024*

**പരീക്ഷ**

നാലാം സെമസ്റ്റർ ( 2019 പ്രവേശനം മുതൽ ) എം.പി.എഡ്. ഏപ്രിൽ 2024 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾ നവംബർ 20-ന് തുടങ്ങും. പ്രൊജക്റ്റ് റിപ്പോർട്ട് / ഡെസർട്ടേഷൻ പരീക്ഷാഭവനിൽ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ രണ്ട്.

*പി.ആർ. 1444/2024*

**പുനർമൂല്യനിർണയ ഫലം**

മൂന്നാം സെമസ്റ്റർ എം.കോം. സെപ്റ്റംബർ 2023 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി, വിദൂര വിഭാഗം നാലാം സെമസ്റ്റർ എം.കോം. ഏപ്രിൽ 2024 പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു.

ആറാം സെമസ്റ്റർ ബി.ആർക്. (2012, 2017 സ്കീം) ഏപ്രിൽ 2024 പരീക്ഷയുടെ പുനർമൂല്യ നിർണയ ഫലം പ്രസിദ്ധീകരിച്ചു.

*പി.ആർ. 1445/2024*